(ഡി) പ്രസ്തുത അടവുകൾ ജീവനക്കാരുടെ അക്കൗണ്ടിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ട സംവിധാനം പൂർണ്ണമായും ഐ.കെ.എം.-ൽ നിക്ഷിപ്തമാണ്. സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിക്കേണ്ടത് ഐ.കെ.എം.-ൽ ആയതിനാൽ ആയത് എത്രയും വേഗം പരിഹരിച്ചുനൽകുന്നതിന് പ്രസ്തുത സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അപാകതകൾ പരിഹരിച്ചാലുടൻ തന്നെ തുക ക്രെഡിറ്റ് ചെയ്യുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ) പഴയ രീതിയിൽ തുക ക്രെഡിറ്റ് ചെയ്യാൻ നിർവ്വാഹമില്ല.

ആശ്രയ പദ്ധതി

252 (1630) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 'ആശ്രയ' പദ്ധതി പ്രകാരം ഓരോ വർഷവും എത്ര വീടുകൾ നിർമ്മിച്ചു നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഈ ഓരോ വർഷവും പദ്ധതിയുടെ നടത്തിപ്പ് ഏജൻസികൾക്ക് എന്ത് തുക വീതം അനുവദിച്ചു എന്നറിയിക്കാമോ;

(സി) ഇവയിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പൊതുശൗചാലയങ്ങൾ

253 (1631) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്തുകളിൽ നിർമ്മിച്ച പൊതു ശൗചാലയങ്ങളുടെ കണക്ക് ലഭ്യമാണോ; വെളിപ്പെടുത്തുമോ;

(ബി) പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് പാതയോരങ്ങളിൽ ഇവ നിർമ്മിച്ച് നൽകേണ്ടത് സർക്കാരിന്റെ ചുമതലയാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെങ്കിലും പൊതു ശൗചാലയങ്ങൾ ആവശ്യാനുസരണം നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly